സഹകരണബാങ്കുകളിലെ നിക്ഷേപം സംസ്ഥാന ഖജനാവിൽ അടയ്ക്കുന്നതിനെ സംബന്ധിച്ച് റിസർവ് ബാങ്ക് അഭിപ്രായം

14 (*194) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എം. എ. തോമസ് :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണബാങ്കുകളിലെ നിക്ഷേപം സംസ്ഥാന ഖജനാവിൽ അടയ്ക്കുന്ന നടപടിയെ സംബന്ധിച്ച് റിസർവ് ബാങ്ക് എന്തെങ്കിലും അഭിപ്രായം പ്രകടിപ്പിച്ചതായി സർക്കാരിന് അറിവുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സർക്കാരിന്റെ നിലപാട് റിസർവ്വ് ബാങ്കിനെ അറിയിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ സഹകരണബാങ്കുകൾ ട്രഷറിയിൽ പണം നിക്ഷേപിക്കുന്ന നടപടി എന്നാണ് ആദ്യമായി ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സഹകരണബാങ്കുകൾ ട്രഷറിയിൽ പണം നിക്ഷേപിക്കുന്നതിന് എന്തെങ്കിലും നിയമതടസ്സം ഉള്ളതായി അറിവുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്ന നടപടിയിൽ നിന്നും റിസർവ് ബാങ്കിനെ പിൻതിരിപ്പിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാന/ ജില്ലാ സഹകരണ ബാങ്കുകളിലെ നിക്ഷേപം സംബന്ധിച്ച് അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ ജില്ലാ സഹകരണബാങ്കുകൾ മിനിമം ഇൻവോൾവ്മെന്റ് വ്യവസ്ഥ കൃത്യമായി പാലിക്കുന്നില്ല എന്ന കാരണം പറഞ്ഞ് ഹ്രസ്വകാലത്തേയ്ക്കുള്ള പുനർവായ്പ നബാർഡ് തടയുകയും തുടർന്ന് കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പ മുഴുവനായും നഷ്ടം സഹിച്ചുകൊണ്ട് സ്വന്തം ഫണ്ടിൽ നിന്നും നൽകുവാൻ ജില്ലാബാങ്കുകൾ നിർബന്ധിതരാവുകയും ചെയ്ത സാഹചര്യത്തിൻ അവരുടെ മിച്ച ഫണ്ട് മറ്റ് സുരക്ഷിത മേഖലകളിൽ നിക്ഷേപിച്ച് അതിൽ നിന്നും വർദ്ധിച്ച ആദായം ലഭ്യമാക്കിയാൽ മാത്രമേ ബാങ്കുകൾക്ക് ലാഭകരമായി പ്രവർത്തിക്കുവാൻ സാധിക്കൂ എന്ന നില വന്നപ്പോഴാണ് സഹകരണ ബാങ്കുകൾ ഗവൺമെന്റ് ട്രഷറിയിൽ നിക്ഷേപം നടത്തിയതെന്നും ഇത് അനുവദിക്കുവാനാവില്ല എന്ന നിലപാടിനോട് സർക്കാരിന് യോജിക്കാനാവില്ലയെന്നും ഈ വിഷയം സംബന്ധിച്ച് നബാർഡുമായി നടത്തിയ ചർച്ചയിൽ വ്യക്തമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള സംസ്ഥാന സഹകരണബാങ്ക് 1991-ലാണ് ആദ്യമായി ട്രഷറിയിൽ പണം നിക്ഷേപിച്ചത്.

(ഡി) കേരള സഹകരണ നിയമത്തിലെ വകുപ്പ് 57 അനുസരിച്ച് സഹകരണബാങ്കുകൾക്ക് ഗവൺമെന്റ് സേവിംഗ്സ് ബാങ്കിൽ തുക നിക്ഷേപിക്കാവുന്നതാണ്.

(ഇ) റിസർവ് ബാങ്ക് സമീപനം സംസ്ഥാന താൽപര്യങ്ങൾക്ക് വിരുദ്ധമാണെന്ന് നബാർഡ് അധികൃതരുമായുള്ള നേരിട്ടുള്ള ചർച്ചയിൽ അവരെ അറിയിച്ചിട്ടുണ്ട്.

സ്പോട്ട് ബില്ലിംഗ് ഏർപ്പെടുത്തിയതിലെ അപാകതകൾ

15 (*195) ശ്രീ. പി. രാഘവൻ:
ശ്രീ. രാജു എബ്രഹാം :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്പോട്ട് ബില്ലിംഗ് ഏർപ്പെടുത്തിയതിലെ അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടി വ്യക്തമാക്കുമോ ;

(ബി) പല സെക്ഷനുകളിലും മീറ്റർ റീഡിംഗ് യഥാസമയം എടുക്കാത്തതു കാരണം ഉപഭോക്താക്കൾക്ക് വലിയതുകയ്ക്കുള്ള കുടിശ്ശിക ബില്ലുകൾ നൽകുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കേടുവന്ന മീറ്ററുകൾ മാറ്റി പുതിയ മീറ്ററുകൾ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) വൈദ്യുതി ചോർച്ച തടയുന്നതിന് എല്ലാ സെക്ഷനുകളിലും "ആന്റി പവർ തെഫ്റ്റ് സ്കാഡിന്റെ" പ്രവർത്തനം ശക്തിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) അപാകതകൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്പോട്ട് ബില്ലിംഗ് ഇല്ലാത്ത സെക്ഷനുകളിൽ ആറുമാസത്തിൽ ഒരിക്കലാണ് റീഡിംഗ് എടുക്കുന്നത്. എന്നാൽ മീറ്റർ റീഡർമാരുടെ കുറവുള്ള സെക്ഷനുകളിൽ മീറ്റർ റീഡിംഗ് എടുക്കുന്നതിനുള്ള കാലദൈർഘ്യം ആറുമാസത്തിലൊരിക്കൽ എന്നുള്ളത് നീണ്ടുപോകാറുണ്ട്. ഈ കാരണത്താൽ നൽകുന്ന വലിയ തുകയ്ക്കുള്ള കുടിശ്ശിക ബില്ലുകൾക്ക് തവണ വ്യവസ്ഥ അനുവദിക്കാറുള്ളതുകൊണ്ട് ഉപഭോക്താക്കൾക്ക് ഇതുവഴി അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ഒരു വലിയപരിധിവരെ ഒഴിവാക്കാൻ സാധിക്കുന്നുണ്ട്. എല്ലാ സെക്ഷനുകളിലും സ്പോട്ട് ബില്ലിംഗ് നടപ്പിലാകുന്നതോടുകൂടി ഈ ബുദ്ധിമുട്ട് ഒഴിവാക്കാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly